©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2024 മേയ് 23<br>23rd May 2024<br>1199 ഇടവം 9<br>9th Idavam 1199<br>1946 ജ്യേഷ്ഠം 2<br>2nd Jyaishta 1946 | നമ്പർ<br>No. | 1631 |

കേരള സർക്കാർ

**വിജിലൻസ് (സി) വകുപ്പ്**

വിജ്ഞാപനം

നമ്പർ.സി3/36/2024/വിജി. തിരുവനന്തപുരം, തീയതി 2024 മേയ് 22.

കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണലിൽ 01/06/2024 മുതൽ ഒഴിവ് വരുന്ന വിജിലൻസ് ട്രൈബ്യൂണൽ തസ്തികയിലേയ്ക്ക് തെരെഞ്ഞെടുക്കപ്പെടുന്നതിനായി താഴെപ്പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു:–

1. തസ്തിക: വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. യോഗ്യത: ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് ജഡ്ജിയായിരിക്കുന്നതോ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ ഒരു ജൂഡീഷ്യൽ ഓഫീസർ

അല്ലെങ്കിൽ

പ്രോസിക്യൂഷൻ കേസുകളുടെ ഭരണപരമായ കാര്യങ്ങളിലോ നടത്തിപ്പിലോ പത്തുവർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ളയാൾ.

3. പ്രായം: 01-01-2024-ൽ 55 വയസ്സ് തികയാൻ പാടില്ല.

4. ശമ്പള സ്കെയിൽ : 1,44,840- 1,94,600/-രൂപ.

പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ്:- ജൂഡീഷ്യൽ ഓഫീസറായി പ്രവൃത്തി പരിചയം ഉള്ളവർ ഹൈക്കോടതി രജിസ്ട്രാറിൽ നിന്നും, പബ്ലിക് പ്രോസിക്യൂട്ടർ ആയോ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ ആയോ സേവനം അനുഷ്ഠിച്ചിട്ടുള്ളവർ ബന്ധപ്പെട്ട ജില്ലാ ജഡ്ജിയിൽ നിന്നും, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ ബന്ധപ്പെട്ട പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർ, പ്രോസിക്യൂഷൻ ഡയറക്ടർ എന്നിവർ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസിൽ നിന്നും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ലീഗൽ ആഡ്വൈസർമാർ/പബ്ലിക് പ്രോസിക്യൂട്ടർമാർ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറിൽ നിന്നും ഉള്ള പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

യോഗ്യരായ അപേക്ഷകർ, പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, രണ്ട് പാസ്പോർട്ട് സൈസ് കളർ ഫോട്ടോഗ്രാഫ് എന്നിവ സഹിതം 13/06/2024 ന് വൈകുന്നേരം 4 മണിക്ക് മുൻപായി ലഭിക്കത്തക്കവിധം താഴെപ്പറയുന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് (സി) വകുപ്പ്.
ഗവ. സെക്രട്ടേറിയേറ്റ്,
തിരുവനന്തപുരം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഈ വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷകൾ മേൽപ്പറഞ്ഞ വിലാസത്തിൽ തപാൽ മാർഗ്ഗം സമർപ്പിക്കേണ്ടതാണ്. മറ്റു മാർഗങ്ങളിലൂടെ ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ "Application for the post of Vigilance Tribunal, Kozhikode" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/